# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 34** **29.06.2016- ലെ മറുപടിക്ക്**

## സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. കെ.ബാബു**<br>**ശ്രീമതി. യു.പ്രതിഭാ ഹരി**<br>**ശ്രീ. എ.എൻ. ഷംസീർ**<br>**ശ്രീ. ഒ.ആർ.കേളു** | | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ നയവൈകല്യം മൂലം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിന്നോട്ടടിയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>ബി) രാഷ്ട്രീയ ലക്ഷ്യത്തോടെ മുൻ സർക്കാർ നടത്തിയ ഇടപെടലുകളും തീരുമാനങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാർ സഹകരണ മേഖലയിൽ നടത്തിയ ഇടപെടലുകളും, തീരുമാനങ്ങളും പരിശോധിച്ചു വരുന്നു. അപ്രകാരമുള്ള പരിശോധനയിൽ തെറ്റായ ഇടപെടലുകളും, തീരുമാനങ്ങളും ഉള്ളതായി കണ്ടെത്തുകയാണെങ്കിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) സഹകരണ സ്ഥാപനങ്ങൾക്ക് ഉണർവ്വ് പകരാനുതകുന്ന എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശ ങ്ങൾ അറിയിക്കുമോ ? | (സി) | സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ഉണർവ് പകരുന്നതിനും, മേഖലയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഇനിപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. നിലവിലുള്ള പട്ടിക ജാതി/ പട്ടികവർഗ്ഗ വനിതാ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതാണ്.<br>2. ജൈവ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി 'സുവർണ്ണം' ഷോപ്പുകൾ ആരംഭിക്കും. |

3. റബ്ബർ മാർക്കിന്റെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും നിലവിൽ ഉള്ള ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും.
4. അപ്പക്സ് ഫെഡറേഷനുകളെ ശക്തി പ്പെടുത്തും.
5. സഹകരണ സംഘങ്ങളെ ഇ-കോമേഴ്സ് ആരംഭിക്കുന്നതിനു വേണ്ടി സജ്ജമാക്കും.
6. ഇപ്പോൾ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പ്രവർത്തന സാദ്ധ്യമായ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന തിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.
7. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കും.
8. സഹകരണ ബാങ്കുകളുടെ കോർ ബാങ്കിംഗ് ശൃംഖല നടപ്പിലാക്കും.
9. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് ഒരു വിശാല വിതരണ ശേഖരണ ശൃംഖല കുടുംബശ്രീ മിഷന്റെ സഹായത്തോടെ നടപ്പിലാ ക്കുന്നതാണ്.
10. കൺസ്യൂമർ ഫെഡിന്റെ പ്രവർത്തന ങ്ങൾ പുന:ക്രമീകരിച്ച് വിലക്കയറ്റം മൂലം കഷ്ടപ്പെടുന്ന സമൂഹത്തിലെ, പാവപ്പെട്ട വരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**